**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 532** **17-09-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതിയിലെ ക്യാഷ് ലെസ്സ് ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതിയുടെ പ്രീമിയം തുക പ്രതിമാസം 750 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും, നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം. വി. ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് മെഡിസെപ് രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനു 14.08.2025 തീയതിയിലെ സ.ഉ.(പി)നം.102/2025/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രതിമാസ പ്രീമിയം, നികുതികൾ ഉൾപ്പെടെ, ടെണ്ടർ അന്തിമീകരണത്തിന് വിധേയമായി, 750/- രൂപ ആയി വർദ്ധിപ്പിക്കുന്നതാണ് എന്ന് 14.08.2025 തീയതിയിലെ സ.ഉ.(പി)നം.102/2025/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. ടെണ്ടർ അന്തിമീകരണത്തിന് ശേഷം മാത്രമേ പ്രതിമാസ പ്രീമിയം വിഹിതം നിശ്ചയിച്ച് അന്തിമ തീരുമാനം കൈകൊള്ളുവാൻ കഴിയുകയുള്ളൂ. |
| (ബി) | മെഡിസെപ്പ് പദ്ധതിയിൽ നിന്ന് പ്രധാന ആശുപത്രികൾ പിന്മാറുന്നതുകൊണ്ടും ക്യാഷ് ലെസ്സ് ചികിത്സ ഇല്ലാത്തതു മൂലവും മെഡിസെപ്പ് പദ്ധതി ജീവനക്കാർക്കും പെൻഷൻകാർക്കും ബാധ്യതയായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മെഡിസെപ്പ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ക്യാഷ് ലെസ്സ് ചികിത്സയും കൂടുതൽ സ്വകാര്യ ആശുപത്രികളെ എംപാനൽ ലിസ്റ്റിലും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | മെഡിസെപ്പിന്റെ രണ്ടാം ഘട്ടത്തിൽ ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എമ്പാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എമ്പാനൽ ചെയ്യണമെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. SCTIMST (Sree Chitra Tirunal Institute for Medical Sciences & Technology), JIPMER (Jawaharlal Institute of Postgraduate Medical Education & Research) പോലെയുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എംപാനൽ ചെയ്യണമെന്നും ഏതെങ്കിലും കാരണവശാൽ ഈ ആശുപത്രികളെ |

| | | | |
|---|---|---|---|
| | | | എംപാനൽ ചെയ്തിട്ടില്ലായെങ്കിൽ പ്രസ്തുത ആശുപത്രികളിലെ എല്ലാ ചികിത്സകൾക്കും പാക്കേജ് നിരക്ക് പ്രകാരമുള്ള തുക ഇൻഷ്വറൻസ് കമ്പനി റീഇംപേഴ്സ് ചെയ്ത് നൽകേണ്ടതാണെന്നുമുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ